പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2179 — 5/5/2017-ലെ മറുപടിയ്ക്ക്

## ശരണ്യ സ്വയംതൊഴിൽ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഉമ്മർ | ശ്രീ. റ്റി.പി. രാമകൃഷ്ണൻ<br>(ബഹു. തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നടപ്പിലാക്കിയിരിക്കുന്ന 'ശരണ്യ' സ്വയം തൊഴിൽ പദ്ധതിയിൽ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ; | എ) കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളതും, വാർഷിക കുടുംബവരുമാനം രണ്ട് ലക്ഷം രൂപയിൽ കവിയാത്തവരും, പ്രായം 18 നും 55 നും മദ്ധ്യേയുള്ള (അവിവാഹിതകൾ ഒഴികെ) വിധവകൾ, നിയമാനുസൃതം വിവാഹബന്ധം വേർപെടുത്തിയവർ, 30 വയസ്സ് കഴിഞ്ഞ അവിവാഹിതകൾ, പട്ടിക വർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ. ഭർത്താവ് ഉപേക്ഷിക്കുകയോ/ ഭർത്താവിനെ കാണാതാകുകയോ ചെയ്തവർ, ഭിന്നശേഷി ക്കാരായ വനിതകൾ, ശയ്യാവലംബരും നിത്യരോഗികളുമായ (അക്യൂട്ട് കിഡ്നി പ്രോബ്ലം, ക്യാൻസർ, മാനസികരോഗം, ഹീമോഫീലിയ തുടങ്ങിയവ) ഭർത്താക്കന്മാരുള്ള വനിതകൾ എന്നീ വിഭാഗത്തിലുള്ള വനിതകൾക്ക് ഈ പദ്ധതി പ്രകാരമുള്ള സ്വയം തൊഴിൽ വായ്പയ്ക്ക് അപേക്ഷിക്കാവുന്നതാണ്.<br><br>മേൽ പറഞ്ഞ വിഭാഗത്തിലുള്ള അർഹരായ വനിതകൾ സമർപ്പിക്കുന്ന അപേക്ഷകൾ ജില്ലാ കളക്ടർ ചെയർമാനും ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ കൺവീനറും, ജനറൽ മാനേജർ ജില്ലാ വ്യവസായ കേന്ദ്രം, കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, ജില്ലാ സാമൂഹിക ക്ഷേമ ഓഫീസർ എന്നിവർ മെമ്പർമാരുമായ ജില്ലാതല സമിതി |

| | | | |
|---|---|---|---|
| | | | അപേക്ഷകൾ പരിശോധിച്ച് അപേക്ഷകർ അനുയോജ്യരാണോയെന്നും, അവർ സമർപ്പിച്ചിട്ടുള്ള പ്രോജക്ട് നടപ്പിലാക്കുവാൻ സാദ്ധ്യമാണോ എന്നും അംഗങ്ങളുടെ സംരംഭകത്വശേഷി, പ്രോജക്ടിന്റെ വിജയ സാധ്യത, അംഗങ്ങളുടെ വായ്പ തിരിച്ചടക്കാനുള്ള കഴിവ്, സഹായം ആവശ്യമാണോ എന്നീ മാനദണ്ഡങ്ങൾ പരിശോധിച്ച് അപേക്ഷകരെ വായ്പ അനുവദിക്കുന്നതിനായി തെരഞ്ഞെടുക്കുന്നു. . |
| ബി) | പ്രസ്തുത പദ്ധതിയിൽ നല്കുന്ന തുക സ്വയം തൊഴിൽ കണ്ടെത്തുന്നതിന് അപര്യാപ്ത മാണെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | ബി) & സി) | അശരണരായ വനിതകൾക്ക് ചെറുകിട സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ഈ പദ്ധതി പ്രകാരം ഒരു വ്യക്തിക്ക് പരമാവധി 50,000/-രൂപ വരെ പലിശരഹിത വായ്പ്പ അനുവദിക്കുന്നു. വായ്പ്പ തുകയുടെ 50%, പരമാവധി 25,000/- രൂപ വരെ, സബ്സിഡി അനുവദിക്കുന്നു. അപേക്ഷകർ സമർപ്പിക്കുന്ന പ്രോജക്ട് പരിശോധിച്ച് തുക അപര്യാപ്തമാണെങ്കിൽ ഒഴിച്ചുകൂടാനാകാത്ത സാഹചര്യത്തിൽ 1,00,000/-രൂപ വരെ വായ്പ്പ അനുവദിക്കുണ്ട്. എന്നാൽ 50,000/-രൂപക്ക് മുകളിലുള്ള തുകയ്ക്ക് 3% ഫ്ലാറ്റ് നിരക്കിൽ പലിശ ഈടാക്കുന്നു. 28/01/2016 തീയതിയിലെ സ.ഉ(പി) നം.18/2016/തൊഴിൽ ഉത്തരവ് പ്രകാരം ശരണ്യ ഗുണഭോക്താക്കൾക്ക് തുടർ വായ്പ്പ അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. നല്ല രീതിയിൽ സംരംഭം നടത്തികൊണ്ടുപോകുകയും ആദ്യ വായ്പയുടെ 50 ശതമാനമെങ്കിലും തിരിച്ചടച്ചവർക്കു സംരംഭം വിപുലീകരിക്കുന്നതിനു ആദ്യ വായ്പാ തുകയുടെ 80 ശതമാനത്തിൽ കവിയാത്ത തുക തുടർവായ്പയായി (ഒരിക്കൽമാത്രം) കുറഞ്ഞ പലിശ നിരക്കിൽ അനുവദിക്കുന്നതാണ്. |
| സി | എങ്കിൽ പ്രസ്തുത തുക വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ